# നീര പ്ലാന്റ് ശിലാസ്ഥാപനവും കോൾഡ് സ്റ്റോറേജ് ഉദ്ഘാടനവും

**പാലക്കാട്** > കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ മുതലമടയിൽ ആരംഭിക്കുന്ന നീര പ്ലാന്റ് ശിലാസ്ഥാപനവും കോൾഡ് സ്റ്റോറേജ് ഉദ്ഘാടനവും കാർഷികനയ രൂപീകരണ സമിതി ചെയർമാൻ കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. വി ചെന്താമരാക്ഷൻ എംഎൽഎ അധ്യക്ഷനായി. പി സിപിസിഎൽ ചെയർമാൻ പി വിനോദ്കുമാർ, ഡയറക്ടർ കെ രാമദാസ്, ബാബു ജോസഫ്, അസിസ്റ്റന്റ് എക്സൈസ് കമീഷണർ വി പി സുലേഷ്കുമാർ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കെ എൽ ശോഭന എന്നിവർ സംസാരിച്ചു.

## 'മുദ്ര' സാംസ്കാരിക കൂട്ടായ്മ

**ചെർപ്പുളശേരി** > ചെർപ്പുളശേരി കേന്ദ്രമായി 'മുദ്ര' സാംസ്കാരിക കൂട്ടായ്മ രൂപീകരിച്ചു. ഡയറ്റ് മുൻ പ്രൻസിപ്പൽ എം വി മോഹനൻ അധ്യക്ഷനായി. ലൈബ്രറി കൗൺസിൽ സംസ്ഥാന നിർവാഹക സമിതി അംഗം പി കെ സുധാകരൻ ഉദ്ഘാടനം ചെയ്തു. കെ ബി സുഭാഷ് സ്വാഗതവും ടി കെ രത്നാകരൻ നന്ദിയും പറഞ്ഞു. ഭാരവാഹികൾ: പി കെ സുധാകരൻ(പ്രസിഡന്റ്) ടി കെ രത്നാകരൻ (സെക്രട്ടറി).